പാഴാവുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പൈപ്പ്ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ബാലുശ്ശേരി മണ്ഡലത്തിൽ കായണ്ണ ഗ്രാമപഞ്ചായത്തിലെ കായണ്ണ കൈതക്കൊല്ലി റോഡിൽ പി.ഡബ്ല്യൂ.ഡി റോഡ് പുനരുദ്ധാരണത്തിന്റെ ഭാഗമായി പൈപ്പ് ലൈനുകൾ തകരാറിലായിട്ടുണ്ട്. ഇത് മാറ്റിസ്ഥാപിക്കുന്നതിന് പി.ഡബ്ല്യൂ.ഡി അധികൃതരുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ച് വരുന്നു

**കുടിവെള്ള പദ്ധതി**

188(694) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി, പാവറട്ടി എന്നീ പഞ്ചായത്തുകളിലെ കുടിവെള്ളപ്രശ്നപരിഹാരത്തിനായി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ എന്തൊക്കെയാണ്;

(ബി) ഓരോന്നിന്റെയും എസ്റ്റിമേറ്റ് തുക എത്രവീതമാണെന്നും നിർമ്മാണപ്രവൃത്തികൾ ഏതുഘട്ടത്തിലാണെന്നും വിശദീകരിക്കുമോ;

&

(സി) പ്രസ്തുത പദ്ധതികൾ എന്ന് കമ്മീഷൻ ചെയ്യുമെന്ന് വ്യക്തമാക്കുമോ?

മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി, പാവറട്ടി എന്നീ പഞ്ചായത്തുകളിലെ കുടിവെള്ള പ്രശ്നപരിഹാരത്തിനായി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**മങ്കട നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പ് വഴി നടത്തിയ പ്രവൃത്തികൾ**

189(695) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മങ്കട നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പുവഴി നടത്തിയ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ;

&

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ജലസേചന വകുപ്പിനുകീഴിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മങ്കട നിയോജകമണ്ഡലത്തിൽ നടത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ, നിലവിലെ സ്ഥിതി എന്നിവ അനുബന്ധം 1* ആയും ഭൂജല വകുപ്പിനുകീഴിലെ പ്രവൃത്തികളുടെ വിശദാംശങ്ങൾ, നിലവിലെ സ്ഥിതി എന്നിവ അനുബന്ധം 2* ആയും ഉള്ളടക്കം ചെയ്തിരിക്കുന്നു. കെ.ഐ.ഐ.ഡി.സി.-യുടെ കീഴിൽ മങ്കട നിയോജക മണ്ഡലത്തിലെ കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരമായി മൂർക്കനാട് കുടിവെള്ള പദ്ധതിയുടെ ജലസ്രോതസ്സ് നിലനിർത്തുന്നതിന് മലപ്പുറം ജില്ലയിൽ മൂർക്കനാട് പഞ്ചായത്തിൽ, കീഴ്തുറിക്കടവ്, ഉൗതപുഴയ്ക്ക് കുറുകെ റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണത്തിനായി 70 കോടി രൂപയ്ക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി പുരോഗമിച്ച് വരുന്നു മങ്കട നിയോജകമണ്ഡലത്തിലെ മൂർക്കനാട്, കുറുവ, പുഴക്കാട്ടിരി, മക്കരപ്പറമ്പ, കൂട്ടിലങ്ങാടി, മങ്കട, അങ്ങാടിപ്പുറം എന്നീ പഞ്ചായത്തുകളിലായി 95.03 കോടി രൂപയുടെ പ്രവൃത്തികൾക്ക് ജല ജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ച് വരുന്നു മങ്കട നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം (3)*ആയി ചേർത്തിരിക്കുന്നു. ജലനിധി പദ്ധതിയുടെ കീഴിൽ മങ്കട നിയോജകമണ്ഡലത്തിലെ കുറുവ പഞ്ചായത്തിൽ സംസം, കുറുവ SLC, ചൊവ്വാണ എന്നീ പദ്ധതികളും പുഴക്കാട്ടിരി പഞ്ചായത്തിലെ സഫ, തോട്ടത്തൊടി, കണ്ണൻ പറമ്പ് എന്നീ കുടിവെള്ള പദ്ധതികളും ജലനിധി സുസ്ഥിരത പദ്ധതിയിൽ ഏറ്റെടുത്ത് പൂർത്തിയാക്കിയിട്ടുണ്ട്.

(സി) കേരള വാട്ടർ അതോറിറ്റി വഴി ഏറ്റെടുത്ത പ്രവൃത്തികൾ ഏതൊക്കെയാണ്; ഓരോ പ്രവൃത്തിയുടെയും വിശദാംശം, നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിവരം ലഭ്യമാക്കുമോ?

ജലസേചന വകുപ്പിനുകീഴിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മങ്കട നിയോജകമണ്ഡലത്തിൽ നടത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ, നിലവിലെ സ്ഥിതി എന്നിവ അനുബന്ധം 1* ആയും ഭൂജല വകുപ്പിനുകീഴിലെ പ്രവൃത്തികളുടെ വിശദാംശങ്ങൾ, നിലവിലെ സ്ഥിതി എന്നിവ അനുബന്ധം 2* ആയും ഉള്ളടക്കം ചെയ്തിരിക്കുന്നു. കെ.ഐ.ഐ.ഡി.സി-യുടെ കീഴിൽ മങ്കട നിയോജകമണ്ഡലത്തിലെ കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരമായി മൂർക്കനാട് കുടിവെള്ള പദ്ധതിയുടെ ജലസ്രോതസ്സ് നിലനിർത്തുന്നതിന് മലപ്പുറം

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജില്ലയിൽ മൂർക്കനാട് പഞ്ചായത്തിൽ, കീഴ്ച്ചറിക്കടവ്, ഉതപുഴയ്ക്ക് കുറുകെ റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണത്തിനായി 70 കോടി രൂപയ്ക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി പുരോഗമിച്ച് വരുന്നു മങ്കട നിയോജകമണ്ഡലത്തിലെ മൂർക്കനാട്, കുറുവ, പുഴക്കാട്ടിരി, മക്കരപ്പറമ്പ, കൂട്ടിലങ്ങാടി, മങ്കട, അങ്ങാടിപ്പുറം എന്നീ പഞ്ചായത്തുകളിലായി 95.03 കോടി രൂപയുടെ പ്രവൃത്തികൾക്ക് ജല ജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ച് വരുന്നു മങ്കട നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം (3)* ആയി ചേർത്തിരിക്കുന്നു. ജലനിധി പദ്ധതിയുടെ കീഴിൽ മങ്കട നിയോജകമണ്ഡലത്തിലെ കുറുവ പഞ്ചായത്തിൽ സംസം, കുറുവ SLC, ചൊവ്വാണ എന്നീ പദ്ധതികളും പുഴക്കാട്ടിരി പഞ്ചായത്തിലെ സഫ, തോട്ടത്തൊടി, കണ്ണൻ പറമ്പ് എന്നീ കുടിവെള്ള പദ്ധതികളും ജലനിധി സുസ്ഥിരത പദ്ധതിയിൽ ഏറ്റെടുത്ത് പൂർത്തിയാക്കിയിട്ടുണ്ട്.

**കണ്ടല്ലൂർ, ദേവികുളങ്ങര പഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമം**

190(696) <u>ശ്രീമതി യു. പ്രതിഭ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിലെ കണ്ടല്ലൂർ, ദേവികുളങ്ങര എന്നീ പഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമത്തിന് ശാശ്വതപരിഹാരം ഒരുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

കായംകുളം മണ്ഡലത്തിലെ കണ്ടല്ലൂർ, ദേവികുളങ്ങര എന്നീ പഞ്ചായത്തുകളിൽ നിലവിൽ കുഴൽക്കിണർ സ്കീമുകളാണ് പ്രവർത്തിക്കുന്നത്. മെച്ചപ്പെട്ട ജലവിതരണം ഉറപ്പാക്കുന്നതിനായി ഹരിപ്പാട് കുടിവെള്ള പദ്ധതിയുടെ പള്ളിപ്പാട് ജല ശുദ്ധീകരണ ശാലയിൽനിന്നും കണ്ടല്ലൂർ പഞ്ചായത്തിലെ കോഴിക്കായൽവാരത്തെ 9 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്കും വിതരണ ശൃംഖലയും ഉൾപ്പെടെ 38.21 കോടി രൂപയുടെയും ദേവികുളങ്ങര കൂട്ടുംവാതിക്കൽ കടവിൽ 9 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്കും വിതരണ ശൃംഖലയും ഉൾപ്പെടെ 41.17 കോടി രൂപയുടെയും പദ്ധതിക്ക് ജലജീവൻ മിഷനിൽ ഉൾപ്പെടുത്തി ഡി.പി.ആർ. തയ്യാറാക്കി ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് 19-5-2021-ൽ നൽകിയിട്ടുണ്ട്. ഡി.പി.ആർ അംഗീകരിച്ച് തീരുമാനം ലഭ്യമാകുന്ന മുറയ്ക്ക് ജില്ലാ ജല ശുചിത്വ മിഷനിൽ സമർപ്പിച്ച് അനുമതി വാങ്ങി സംസ്ഥാന ജല ശുചിത്വ സമിതിയിൽ ഭരണാനുമതിക്കായി സമർപ്പിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly